# INTERNATIONAL INDIAN SCHOOL, DAMMAM

## PRELIMINARY EXAMINATION – JANUARY 2018

## MALAYALAM - CLASS X

*Max Marks : 80* *Time: 3 Hrs.*

---

### 'എ' വിഭാഗം

**I.** താഴെക്കൊടുത്തിരിക്കുന്ന ഖണ്ഡിക വായിച്ച് ചുവടെയുള്ള ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക.

'2020 ആകുമ്പോൾ കേരളത്തിൽ പെട്രോൾ ബങ്കുകളിൽ നിന്ന് പെട്രോൾ എന്നപോലെ ശുദ്ധജലവും പണം കൊടുത്ത് വാങ്ങേണ്ടിവരും' എന്ന് ഡോ. കെ. ഭാസ്കരൻ നായർ ഒരു ലേഖനത്തിലൂടെ മുന്നറിയിപ്പ് നൽകുകയുണ്ടായി. ഇന്നത്തെ നിലയിൽ നാം വനം വെട്ടി വെളിപ്പിക്കുകയാണെങ്കിൽ, സംശയമില്ല, ആ കാഴ്ച്ചപ്പാട് സത്യമാകും. 1972ൽ കേരളത്തിൽ വനം 30 ശതമാനമായിരുന്നു. 2004 ആയപ്പോൾ അതിന്റെ അളവു കേട്ടാൽ ഞെട്ടുന്നവിധം 13.5% ശതമാനമായി കുറഞ്ഞു. ലക്കും ലഗാനുമില്ലാത്ത ഭരണാധികാരികളും, അവർക്ക് ഒത്താശ ചെയ്യുന്ന ഉദ്യോഗസ്ഥ വൃന്ദവും ഇടതും വലതും ഭേദമില്ലതെ വനം കൊള്ളയടിച്ചു. വനം വെട്ടിനശിപ്പി ക്കുമ്പോൾ ഓക്സിജന്റെ അളവു കുറയുമെന്നും, അന്തരീക്ഷത്തിലെ തണുപ്പ് അകലുമെന്നും, മഴ കുറയുമെന്നും, ജലം സംഭരിക്കുന്ന മണ്ണടരുകൾ ഉണങ്ങുമെന്നും പരിസ്ഥിതിക്കാർ മുറവിളി കൂട്ടിയിട്ടും ആരും ചെവിക്കൊണ്ടില്ല. അതിന്റെ ഫലമായി കേരളം കൊടും വരൾച്ചയെ നേരിട്ടുകൊണ്ടിരിക്കുന്നു. ദൈവത്തിന്റെ സ്വന്തം നാടെന്ന് പ്രശസ്തിയുള്ള ഈ കൊച്ചു നിത്യ ഹരിതനാട് നിത്യദരിദ്രനാടാകാൻ അധികനാളുകൾ വേണ്ടിവരില്ല. വനം നശിച്ചാൽ നാട് നശിക്കും. കിണറ്റിലെ ജലനിരപ്പ് താഴും. ഭൂഗർഭജലത്തിന്റെ അളവു കുറയാതെ നിലനിർത്തുന്നത് അകലെ കിടക്കുന്ന വനഭൂമിയാണെന്ന് ആരും അറിയുന്നില്ല. വെട്ടിത്തെളിച്ച് വനത്തിന് പകരം യുവത്വമുള്ള വനം നിർമ്മിക്കുക മാത്രമാണ് ഇതിന് ഏക പരിഹാരം.

**ചോദ്യങ്ങൾ**

1. ഡോ. കെ. ഭാസ്ക്കരൻ നായർ നൽകുന്ന മുന്നറിയിപ്പെന്ത്? 2
2. വനം കൊള്ളയടിക്കുന്നത് ആരെല്ലാമാണ്? 2
3. പരിസ്ഥിതി പ്രവർത്തകരുടെ മുറവിളിയെന്ത്? 2
4. ആരാലുമറിയപ്പെടാതെ പോകുന്ന സത്യമെന്ത്? 2
5. ഈ ഖണ്ഡികയ്ക്ക് ഉചിതമായ ശീർഷകം നൽകുക 2

## 'ബി' വിഭാഗം

**II. a)** ഏതെങ്കിലും ഒരു വിഷയത്തെക്കുറിച്ചു രണ്ടു പുറത്തിൽ കവിയാതെഉപന്യസിക്കുക 8

(1) യുവതലമുറയും ലഹരിവസ്തുക്കളും

(2) മൂല്യശോഷണം ആധുനികസമൂഹത്തിൽ

(3) പ്രകൃതി ദുരന്തങ്ങളും ദുരന്ത നിവാരണ മാർഗ്ഗങ്ങളും.

**b)** സൈബർ കുറ്റകൃത്യങ്ങളെക്കുറിച്ച് വിദ്യാർഥികളെ ബോധവൽക്കരിക്കുന്ന പരമ്പര പ്രസിദ്ധീകരിച്ചതിൽ പത്രാധിപരെ അനുമോദിച്ചുകൊണ്ട് ഒരു കത്ത് തയ്യാറാക്കുക. 8

## 'സി' വിഭാഗം

**III.(a)** പ്രയോഗം മാറ്റുക (2 X 1) = 2

1. ഇന്ന് എന്നാൽ സർവ്വ പാഞ്ചാലരും, വാസുദേവൻ കാണെത്തന്നെ കാലനൂർ പൂകിക്കപ്പെടും.
2. എൻെറ സത്യസന്ധതയിൽ സന്തുഷ്ടനായ അദ്ദേഹം അപ്പോൾത്തന്നെ ഉച്ചഭാഷിണിയിലൂടെ എന്നെ എല്ലാവരും കേൾക്കെ പരസ്യമായി അഭിനന്ദിച്ചു.

**(b)** അംഗവാക്യം അംഗിവാക്യം ഇവ വേർതിരിച്ചെഴുതുക (2 X 1) = 2

1. കൈയിൽ ഘടികാരമില്ലെങ്കിലും ഒരു കർഷകൻെറ ജന്മസിദ്ധിയിലൂടെ വെള്ളായിയപ്പൻ സമയം അറിഞ്ഞു.
2. ഞങ്ങൾ തറവാട്ടു വീട്ടിൽ താമസമാക്കിയതിനുശേഷം പണത്തിൻെറ മുട്ടുകൊണ്ട് അമ്മ ഒന്നുരണ്ടു പ്രാവശ്യം കൊച്ചുചക്കരച്ചിയിലെ മാങ്ങ വിൽക്കാൻ ശ്രമിച്ചിട്ടുണ്ട്.

**(c)** വാക്യത്തിൽതെറ്റുണ്ടെങ്കിൽ തിരുത്തി എഴുതുക (2 X 1) = 2

1. എരിയുന്ന നെഞ്ചും, പൊരിയുന്ന വയറുമായി നരകിക്കുന്ന ഒരു ദരിദ്രമാതാവിനെ ആശ്വസിപ്പിക്കാൻ കഴിയുന്ന ഈ കഥയ്ക്ക് കൂട്ടിച്ചേർക്കാൻ ഒരനുബന്ധം കൂടിയുണ്ട്.
2. ആ വാക്കുകളിൽ ദീർഘങ്ങളും, സമ്പന്നങ്ങളോ ആയ തുടർന്നുള്ള സംഭാഷണ പരമ്പരകൾ അടങ്ങിയത് വെള്ളായിയപ്പനും കുട്ടശ്ശേൻ മാപ്പിളയും അറിഞ്ഞു.

**(d)** പിരിച്ചെഴുതി സന്ധി നിർണ്ണയിക്കുക (2 X 1) = 2

1. ഉണ്ടാവില്ലെങ്കിലും
2. നിർദയം

**(e)** വിഗ്രഹിച്ച് സമാസം നിർണയിക്കുക (2 X 1) = 2

1. നാട്ടുപുരാണങ്ങൾ
2. വിശ്വവിജയികൾ

**(f)** രണ്ട് പര്യായപദങ്ങൾ വീതം എഴുതുക (2 X 1) = 2

1. പ്രാണൻ
2. വേദം

**(g)** നാനാർഥപദങ്ങളെഴുതുക (2 X 1) = 2

1. മുദ്ര

**IV.** ബ്രാക്കറ്റിൽനിന്നും ശരിയായ ഉത്തരം എടുത്തെഴുതുക

**(a)** വിപരീത പദമെഴുതുക (2 X ½) = 1

(1) നിരാമയം (മയം, ആമയം, വിമയം)

(2) അനുഗ്രഹം (നിഗ്രഹം, വിഗ്രഹം, സംഗ്രഹം)

**(b)** അർഥവ്യത്യാസമെഴുതുക (2 X ½) = 1

(1) രാഗം – യാഗം (ഹോമം, ചുവപ്പ്, വിധി, വിദ്വേഷം)

(2) അങ്കം – അംഗം (ചതുരംഗം, യുദ്ധം, അവയവം, സഹോദരൻ)

**(c)** എതിർലിംഗമെഴുതുക (2 X ½) = 1

(1) കവി (കവിയിത്രി, കവയിത്രി, കവിയത്രി

(2) സഖി (സഖിനി, സഖാവ്, സഖൻ)

**V.** (1) ബ്രാക്കറ്റിൽനിന്നും ശരിയായ ഉത്തരം തെരഞ്ഞെടുത്തെഴുതുക (5 X ½) = 2½

**(a)** മലയാള സാഹിത്യത്തിലെ പ്രശസ്തനായ സഞ്ചാര സാഹിത്യകാരൻ ആര്?

(ഒ. വി. വിജയൻ, എസ്. കെ. പൊറ്റക്കാട്, ഉദയഭാനു)

**(b)** ശരൺകുമാർ ലിംബാളെ എഴുതിയ നോവൽ ഏത്?

(ബഹുജൻ, മൂടുപടം, തലമുറകൾ)

**(c)** നാവുണ്ടായിരുന്നെങ്കിൽ കുടുംബത്തിൻെറ കഥ അവൾ പറയുമായിരുന്നു – ആര്

(മാവ്, മുത്തശ്ശി, അമ്മ)

**(d)** പോരിൽ ദുര്യോധനൻ വീണുകിടന്നതെവിടെ?

(ഭഗീരഥീകച്ഛം, സമന്തപഞ്ചകം, ഓഘവതീതീരം)

**(e)** നിസ്സഹായൻെറ നിലവിളിയായി കഥാന്ത്യത്തിൽ അനുഭവപ്പെടുന്നതെന്ത്?

(തൂക്കുകയർ, ബലിച്ചോറ്, പൊതിച്ചോറ്)

**V.**(2) (a) മഹാകാവ്യം എഴുതാതെ മഹാകവിപ്പട്ടം കിട്ടിയ കവി ആര്? (5 X ½) = 2½

(വയലാർ, എഴുത്തച്ഛൻ, കുമാരനാശാൻ)

(b) ബുധജനങ്ങൾ ഉപേക്ഷിക്കേണ്ടതെന്ത്?

(പണം, അവിദ്യ, ക്രോധം)

(c) 'ചെമ്പൻകുതിര' എന്ന പ്രയോഗംകൊണ്ട് കവി ഉദ്ദേശിക്കുന്നതെന്ത്?

(വിജയം, യാഗം, വിപ്ലവം)

(d) അമ്മയുടെ സ്മരണകൾ ഇടയ്ക്കിടെ മുളുന്നത് എങ്ങനെ?

(ആരാധനാഗീതമായ്, ആദിമസംഗീതമായ്, പ്രാർഥനാഗാനമായ്)

(e) മങ്ങിപ്പഴകിയ പിഞ്ഞാണവർണ്ണമായ്' എന്ന കവി വിശേഷിപ്പിക്കുന്നത് എന്തിനെയാണ്?

(പാത്രം, വസ്ത്രം, കണ്ണ്)

## 'ഡി' വിഭാഗം

**VI. (i)** ഉത്തരമെഴുതുക **(3 x 4) = 12**

1) "അന്നത്തെ സൂചിപ്രയോഗത്തിൻെറ നീറ്റൽപോലൊന്ന് മനസ്സിലൂടപ്പോൾ കടന്നുപോയി" – ഇത് എൻെറ ഓർമ്മയാണ്. ഇത്തരത്തിലുള്ള ഓർമ്മകൾക്ക് ഈ കവിതയിൽ സവിശേഷമായ പ്രാധാന്യമുണ്ട് – സമർഥിക്കുക.

2) മൂന്നു തലമുറകളിലൂടെ കടന്നുപോകുമ്പോൾ കവിതയിൽ സംഭവിക്കുന്ന വൈകാരികമാറ്റം പരിശോധിക്കുക.

3) "അങ്കമാടിക്കുതിരയെ വീണ്ടെടു-
ത്തണഞ്ഞ യുഗങ്ങൾ തൻ ഗായകർ" –
ആരിൽ നിന്നൊക്കെയാണ് സർഗശക്തിയാകുന്ന കുതിരയെ വീണ്ടെടുത്തത്?

**VI.(ii)** **(3 x 4) = 12**

1. "ഞങ്ങളുടെ വയറും വിശപ്പും മാത്രമല്ല, ഞങ്ങളെയും ത്രാസിൽ വച്ചു തൂക്കി നോക്കണം. ദിവസം മുഴുവൻ അലഞ്ഞുനടന്ന് വാരിക്കൂട്ടുന്ന ചവറിൻെറ തൂക്കവും വിലയുമെങ്കിലുമുണ്ടോ ഞങ്ങളെപ്പോലുള്ള മനുഷ്യർക്ക്?" –വിശദീകരിക്കുക.
2. അശ്വത്ഥാമാവിനെ ചിരഞ്ജീവിയായും സർവ്വവ്യാപിയായും കൽപിച്ചതിൻെറ അർഥം എന്താണ്?
3. 'കടൽത്തീരത്ത്'എന്ന ശീർഷകത്തിൻെറ ഔചിത്യം വ്യക്തമാക്കുക.

**VII.** ഏതെങ്കിലും രണ്ടു ചോദ്യങ്ങൾക്ക് ഉത്തരമെഴുതുക **(2 x 4) = 8**

1. ചട്ടമ്പിസ്വാമികളുടെ ജീവിതചര്യ എപ്രകാരമായിരുന്നു?
2. കേരള നവോത്ഥാനത്തിൽ ചട്ടമ്പിസ്വാമി വഹിച്ച പങ്കിനെപ്പറ്റി വിവരിക്കുക.
3. വിജ്ഞാനദാഹിയായ വിപ്ലവകാരി എന്ന് ചട്ടമ്പിസ്വാമികളെ വിശേഷിപ്പിക്കുന്നതെന്തുകൊണ്ട്?

----------------